ഒരു വേനൽക്കാലത്ത്

സാബു ഹരിഹരൻ

ഒരു വേനൽക്കാലത്ത്

സാബു ഹരിഹരൻ
(മലയാളം: ചെറുകഥ)

© 2023, Sabu Hariharan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: River Landscape with a Castle on a High Cliff, a painting by Jacob van Ruisdael ((1628/1629–1682). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഒരു വേനൽക്കാലത്ത്

ബിജു ഓടുകയാണ്, അതിവേഗത്തിൽ. തനിക്കപരിചിതമായ വഴികളിലൂടെ. ചരലുകൾ ചിതറിക്കിടക്കുന്ന പരുക്കൻ ചെമ്മൺപാതയിലൂടെ, പായൽ പറ്റിപ്പിടിച്ച മതിലുകൾക്കിടയിൽ ഞെരുങ്ങിക്കിടക്കുന്ന ഊടുവഴികളിലൂടെ, തൊട്ടാവാടികൾ നിറഞ്ഞുനില്ക്കുന്ന വെളിമ്പ്രദേശത്തൂടെ. എവിടേക്കാണിത്ര വേഗത്തിലെന്ന് ചോദിച്ചുകൊണ്ട്, തൊട്ടാവാടി മുള്ളുകൾ അവന്റെ കാലുകളിൽ കൊളുത്തിപ്പിടിക്കാനൊരു ശ്രമം നടത്തി. അരികിലൂടെ പാഞ്ഞോടിപ്പോയപ്പോൾ ചേമ്പിലകളവനെ തലതിരിച്ചു നോക്കി. ശ്വാസം നിലച്ചുപോകുമെന്ന തോന്നലുണ്ടവന്. എവിടെയെങ്കിലും ഒന്നിരിക്കണം. ഒന്നണയ്ക്കണം. നെഞ്ച് ശ്വാസം കിട്ടാതെ പിടയുന്നു. കാലിലെവിടെയൊക്കെയോ നീറ്റലറിയുന്നുണ്ട്. ചോര തെളിഞ്ഞു വരുന്നുണ്ടാവും. മുറിവുകളിലേക്ക് നോക്കാൻ സമയമില്ല. ഒരു കഴപ്പ്, ഉപ്പൂറ്റി മുതൽ കാൽമുട്ട് വരെ പിടിച്ചുകയറി വന്നു. പൊന്തക്കാട്ടിൽ നിന്നെത്തിനോക്കുന്ന സർപ്പം പോലെ ഒരു വിയർപ്പുത്തുള്ളി അവന്റെ കൃതാവിനരികിലൂടെ പുറത്തേക്കിഴഞ്ഞിറങ്ങി. കനാലിനരികിലൂടെ അവനോടി. ദിക്കോ ദിശയോ അറിയാനാവുന്നില്ല. രക്ഷപ്പെടണം. എങ്ങനെയെങ്കിലുമിവിടെ നിന്ന്... രഘു എവിടെ? അവനെ കാണുന്നില്ല. കുറച്ച് മുൻപ് വരെ അവൻ പിന്നിലുണ്ടായിരുന്നു... പിന്നിലേക്കൊന്ന് നോക്കാൻ പോലും സമയമില്ല. ബിജു ഓട്ടം തുടർന്നു.

ഏകദേശം ഒരാഴ്ച മുൻപ്.

“ടാ... ഞാനന്നൊരു കാര്യം പറഞ്ഞില്ലെ...?” താത്പര്യം പ്രകടിപ്പിക്കാത്ത മട്ടിലാണ് രഘു പറഞ്ഞത്.

മുന്നിലിരിക്കുന്ന, കരിപിടിച്ച ചെറിയ മണ്ണെണ്ണ വിളക്കിൽ നിന്നും കറുത്തപുകച്ചുരുളുകൾ ഇണചേർന്ന സർപ്പങ്ങളെ പോലെ മുകളിലേക്ക് പുളഞ്ഞുയർന്ന് ഇരുട്ടിൽ അപ്രത്യക്ഷമായി.

“എന്ത് കാര്യം?” ബിജുവിന് രഘുവെന്താണുദ്ദേശിച്ചതെന്ന മനസ്സിലായില്ല.

“ടാ, പതുക്കെ പറയെടാ... ഞാനന്ന് പറഞ്ഞില്ലെ?... കൊറച്ച് ദൂരെയൊരടത്ത് പോണ കാര്യം...”

“ഏത്? ആ പെണ്ണിനെ കാണാൻ പോണ...” പറയുമ്പോൾ ബിജുവിന്റെ കണ്ണുകൾ വിളക്കിന്റെ തീനാളം പോലെ തെളിഞ്ഞു.

“ങാ... അത് തന്നെ... നീയൊന്ന് പതുക്കെ പറ...”

കടയുടെ ചുറ്റിലുമായി നിറഞ്ഞുനില്ക്കുന്ന ഇരുട്ടിലേക്ക് നോക്കിക്കൊണ്ട് രഘു ശബ്ദംതാഴ്ത്തി താക്കീത് ചെയ്തു.

രഘുവിന്റെ അപ്പന്റേതാണാ പഴയ പലചരക്ക കട. ഇരുപത്തിയഞ്ച് വർഷത്തിലധികമായി ആ കടയിൽ പാളത്തിനടുത്തായി കൂനിപ്പിടിച്ച് നില്പ്പുണ്ട്. അസംഖ്യം ട്രെയിനുകളുടെ ഹോണുകളും കിതപ്പും മുരൾച്ചയുമൊക്കെ കേട്ടുപഴകിയ കട. പാളത്തിലൂടെ ട്രെയിനുകൾ കുതിച്ചുപായുമ്പോൾ, പ്രായാധിക്യം കാരണം അത് നിന്ന് ചെറുതായി വിറയ്ക്കും. ആഴ്ച്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമെ വേലായുധേട്ടൻ കടയിൽ വന്നിരിക്കാറുള്ളു. വലിയ കൺസ്യൂമർസ്റ്റോറുകൾ വരികയും, രാത്രികളിൽ പവർ കട്ട് ഏർപ്പെടുത്തുകയും ചെയ്യപ്പോൾ, സ്വാഭാവികമായി ആ പഴയ കടയിൽ കച്ചവടം കുറഞ്ഞു. പതിവുകാർ പോലും വലിയ സ്റ്റോറുകളിലേക്ക് പോയിത്തുടങ്ങി. അതിലയാൾക്ക് ചെറുതല്ലാത്ത ആധിയുണ്ട്. രഘുവും ബിജുവും കഞ്ഞുനാള് മുതൽക്കെ കളിച്ച് വളർന്നവരാണ്. കൗമാരപ്രായമായപ്പോഴേക്കും അവർ ആരാലോ മുൻകൂട്ടിയെഴുതപ്പെട്ട ജീവിതതിരക്കഥയനുസരിച്ച് രണ്ടു വഴികളിലേക്ക് നടന്നുതുടങ്ങിയിരുന്നു. എങ്കിലും അവർക്കിടയിലുള്ള സൗഹൃദബന്ധം കമ്പിയില്ലാകമ്പി പോലെ തുടരുക തന്നെ ചെയ്തു. പുതിയ പുതിയ കാര്യങ്ങളറിയുന്നതിൽ സ്വാഭാവികമായ താത്പര്യം ഉണ്ടാവുന്നതിനിടയിലാണ് തങ്ങൾ ഇതുവരേയും അനുഭവിക്കാത്തതും, അറിവു സമ്പാദിക്കാത്തതുമായ ചില ജീവിതവിഷയങ്ങളുണ്ടെന്ന് മനസ്സിലാക്കിയത്. കണക്കിലെ കഴഞ്ഞ പ്രശ്നങ്ങളും, ജീവശാസ്ത്രത്തിലെ ശാസ്ത്രീയ നാമങ്ങളും പത്താം ക്ലാസ്സ് കഴിഞ്ഞ് തുടർന്നു പഠിക്കാൻ വിലക്കിയെങ്കിലും, രഘുവിനതിൽ അശേഷം വിഷമം തോന്നിയില്ല. അപ്പന്റെ കടയുണ്ട്. അതിനി നടത്തിക്കൊണ്ട് പോകേണ്ടത് താൻ തന്നെ. അതാണവന്റെ ആത്മവിശ്വാസം. ബിജു കുറച്ചകലെയുള്ള കോളേജിലേക്ക് പഠിക്കാൻ പോയിത്തുടങ്ങിയിരുന്നു. കൂടെയുള്ള സുഹൃത്തുക്കൾ തങ്ങളുടെ പ്രേമബന്ധങ്ങളെക്കുറിച്ച് പറയുമ്പോൾ, സ്ത്രീവിഷയങ്ങളിൽ അവർക്കുള്ള അവഗാഹം പങ്കുവെച്ചപ്പോൾ, തനിക്കു മാത്രമെന്തേ അതിനൊരു ഭാഗ്യമുണ്ടാകുന്നില്ല എന്നോർത്തവൻ നഖം കടിച്ചു. രാത്രികളിൽ ഉറിക്കളിലേക്ക് നിലാവിനോടൊപ്പം അനാവശ്യചിന്തകളും കയറിവരുന്നുണ്ടോ എന്ന വന്ന് സംശയമായി. ജീവിതത്തിലെ സ്വർഗ്ഗനിമിഷങ്ങൾ വെറുതെ പാഴാക്കിക്കളയുകയാണെന്ന് സുഹൃത്തുക്കൾ നിരന്തരം പറഞ്ഞുകേൾപ്പിച്ചപ്പോൾ, തനിക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം താൻ കരുതുന്നതിലുമെത്രയോ അധികമാണെന്നവന് തോന്നിത്തുടങ്ങി.

ഇരുട്ടിൽ, മണ്ണെണ്ണ വിളക്കിന്റെ വെളിച്ചം സാക്ഷിയാക്കി രഘു ബിജുവിനോട് ആ വിശേഷവാർത്ത വിശദമായി പങ്കുവെച്ചു. താൻ സ്വപ്നം കണ്ടിരുന്ന സുഖങ്ങൾ രഘു ഏതാനം ദിവസങ്ങൾക്ക് മുൻപ് അനുഭവിച്ചു കഴിഞ്ഞിരിക്കുന്നു എന്ന സത്യം! എല്ലാം കേട്ടു കഴിഞ്ഞപ്പോൾ രഘുവിനോട് കടുത്ത അസൂയയാണ് ബിജുവിന് തോന്നിയത്.

ഒരു നിമിഷം നിരാശയോടെ മുഖം കനിപ്പിച്ച് നിന്ന ശേഷം കുറ്റപ്പെടുത്തുന്ന സ്വരത്തിൽ ബിജു ചോദിച്ചു.

“ഇങ്ങനെ ഒരു സംഭവം നടന്നിട്ട്... നീ ഇപ്പഴാണോടാ എന്നോട് പറയുന്നത്?”

“അതെങ്ങനെയാ? നീ പഠിക്കാൻ പോയിട്ട് വരുമ്പോ നേരം താമസിക്കില്ലേ?”

പഠിക്കാൻ പോകുന്നത് കൊണ്ട് ഇതാ ജീവിതത്തിൽ ഒരു വലിയ നഷ്ടം സംഭവിച്ചിരിക്കുന്നു.

നഷ്ടബോധം നിറഞ്ഞ ആ ചിന്ത ഉപേക്ഷിക്കാനെന്ന മട്ടിലവൻ തല കടഞ്ഞു.

“ഇത് പറ, നിന്നോടാരാ ആ സ്ഥലത്തെ പറ്റി പറഞ്ഞത്?”

“ഓ!! അതൊന്നും നീ അറിയണ്ട! നിനക്ക് പോകണോന്നങ്ങനെ പറ. ഞാൻ കൊണ്ട പോകാം”

ആ ഒരു വാഗ്ദാനത്തിന് ഉടനൊരുത്തരം കൊടുക്കാൻ ബിജുവിന് കഴിഞ്ഞില്ല.

“അത് പിന്നെ... ആരെങ്കിലും അറിഞ്ഞാ...”

“എങ്ങനെയറിയാൻ? ഇപ്പോൾ തന്നെ... ഞാൻ പോയ കാര്യം നീയറിഞ്ഞോ?”

“അല്ല... പോലീസോ മറ്റോ...”

അപ്പോൾ പോകുന്നതിൽ ഒരു വിരോധമൊന്നമില്ല അവന്. ഭയമാണ് പ്രശ്നം. രഘു ബിജുവിനെ സൂക്ഷിച്ച നോക്കി. “എന്ത് പോലീസ്?... ഒരു പ്രശ്നവുമില്ല... നീ വിചാരിക്കുന്ന പോലെയൊന്നുമല്ല... കൊറച്ച് ദൂരെയാ... ഒരു കുഞ്ഞ പോലും അറിയാൻ പോണില്ല... ഒരു കാര്യം ചെയ്യാം, ഈ വരുന്ന... വെള്ളിയാഴ്ച... അല്ല... ശനിയാഴ്ച പോകാം. എന്താ?”

ഇത്ര പെട്ടെന്ന് പോകണോ? രഘു കൂടെയുള്ളപ്പോൾ ശരിക്കും ഒന്നിനേയും പേടിക്കേണ്ട കാര്യമില്ല. അവന് നല്ല തടിമിടുക്കണ്ട്. ഏതൊരാളോടും എന്തും പറഞ്ഞ നില്ലാൻ അവനറിയാം. അവന്റെ നാവിൽ കൃത്യസമയത്ത് ശരിയായ വാക്കുകൾ വരും. തനിക്കാ സിദ്ധിയില്ല. മാത്രുവല്ല, അവന് ലോകപരിചയം കൂടുതലുണ്ട്. എത്ര പേരെയാണ് ദിവസവും കാണുന്നതും, സംസാരിക്കുന്നതും.

“എന്റെ അമ്മ ഇത് വല്ലതും അറിഞ്ഞാ...” എന്തോ ചില അരുതായ്മകൾ താൻ ചെയ്യാൻ പോകയാണ്. വീണ്ടുവിചാരങ്ങൾ ചിന്തകളെ ചവിട്ടിപ്പിടിച്ച വെയ്ക്കുന്നതു പോലെ.

“ഹോ! നിന്നെ കൊണ്ട് തോറ്റു. നിന്റെ അമ്മ ഇതെങ്ങനെ അറിയാനാണ്?! ഇതൊക്കെ ചെറിയ കാര്യമല്ലേ? എല്ലാവരുടെ ജീവിതത്തിലും ഇതൊക്കെ ഉണ്ടാവും”

അടുത്ത നിമിഷം രഘു തികഞ്ഞ ഉപദേശിയായി.

ബിജുവിന്റെ സംശയം നിറഞ്ഞ നോട്ടം കണ്ട് അവൻ ചോദിച്ചു.

“നിനക്ക് നമ്മുടെ ശശിയെ അറിയാവോ?”

“ങെ... ഏത്? ... ആ കള്ളൻ ശശിയോ?”

“അവൻ കള്ളനൊന്നമല്ല... നീയാ കള്ളൻ! അവനീ കാര്യത്തിൽ ജഗജില്ലിയാ... അറിയോ?”

“പക്ഷേ,...അവനെ കണ്ടാൽ ഒന്നും തോന്നൂല്ലല്ലോ...”

“ഇതെങ്ങനെയാടാ കണ്ടാൽ തോന്നന്നെ!... നിനക്ക് വേണ്ടെങ്കി വേണ്ട... വിട്ടേക്ക്”

“ടാ... ഞാൻ വീട്ടിന്ന് എന്ത് പറഞ്ഞ് ഇറങ്ങും?”

“അത് പിന്നെ... സിനിമ കാണാനെന്നും പറഞ്ഞ് ഇറങ്ങ്... ഒരു സൂപ്പർ പടം വന്നിട്ടുണ്ട്... ഞാൻ കണ്ടതാ... നീ അത് കാണാനാണെന്നും പറഞ്ഞ് ഇറങ്ങിക്കോ... കഥയൊക്കെ ഞാൻ പറഞ്ഞ് തരാം”

“ഉം...”

താൻ വില കുറച്ച് കണ്ടിരുന്ന കള്ളൻ ശശി ഇതാ തന്നെ തോൽപ്പിച്ചിരിക്കുന്നു! താനോ? ഇപ്പോഴും സ്വപ്നങ്ങളുടെ കയത്തിൽ മുങ്ങിക്കിടക്കുന്നു. എന്നാലിതാ, അന്വേഷിച്ചാൽ പോലുമില്ല ആഗ്രഹിച്ചതേയുള്ള അവസരം മുന്നിൽ വന്ന് കൈനീട്ടി നില്ക്കുന്നു!

അന്ന് രാത്രി ബിജുവിനെ ചിന്തകൾ ഉറങ്ങാനനുവദിച്ചില്ല. കല്ലേറ്റ് കൊണ്ട തേനീച്ചക്കൂട് പോലെയായി മനസ്സ്.

എങ്ങനെ അമ്മയോട് കള്ളം പറയും?

പോയിവരാനെത്ര സമയമെടുക്കും?

കാണാൻ...എങ്ങനെയുണ്ടാവും?

കാണുമ്പോൾ... എന്തൊക്കെ... എവിടെയൊക്കെ... എങ്ങനെയൊക്കെ...

സ്വയം ചോദിച്ച ചോദ്യങ്ങൾക്കിടയിൽ കിടന്ന് ബിജു ഉറങ്ങി പോയി.

ഉണർന്നെന്നേറ്റപ്പോഴും ചിന്തകൾ ബിജുവിനെ പിന്തുടർന്നു.



കൃത്യമായി സ്ഥലമെവിടെയെന്ന് രഘു പറഞ്ഞിട്ടില്ലെങ്കിലും ബസ്സിൽ പോകണമെന്നല്ലെ പറഞ്ഞത്? അപ്പോൾ കുറച്ചകലെയാണ്. അതേതായാലും നന്നായി. ഇവിടെ താൻ മര്യാദാപുത്രഷോത്തമനാണ്. അനാവശ്യമായി ഒരു വാക്ക് പോലും ആരോടും സംസാരിക്കാത്തവനാണ്. അമ്മയ്ക്ക് മുന്നിൽ എല്ലാ നന്മകളുടെയും ആൾരൂപമാണ്. നല്ല അനുസരണയുള്ള മകനാണ്. ഒരേയൊരു സന്തതി... അവിസമ്മാഹനചിന്ത മാത്രം ബിജുവിന്റെ ഉള്ളിൽ ഒരു ചുണ്ടെക്കൊളുത്ത് പോലെ ഉടക്കി. സകല പ്രതീക്ഷകളോടുമാണ് അമ്മ വളർത്തുന്നത്. വീടിന്റെ നെടുംതൂണാണ് ആവേണ്ടവൻ. അച്ഛന്റെ മരണം, എല്ലാ ഉത്തരവാദിത്വവും തന്റെ ചുമലിലേക്കാണ് എടുത്തുവെച്ചത്. പക്ഷേ,... അതൊക്കെ എന്നിന് ഇത്രമായി കൂട്ടിക്കെട്ടണം? ഇത് വെറുമൊരു നേരമ്പോക്ക്. അല്ലെങ്കിൽ തന്നെ ഈയൊരു കാര്യം ചെയ്യാനാഗ്രഹിക്കുന്ന ലോകത്തിലെ ആദ്യത്തെ ആളൊന്നുമല്ലല്ലോ താൻ. ആഗ്രഹങ്ങൾ ആത്മനിയന്ത്രണങ്ങളുടെ കെട്ട് വിട്ടു പായുമ്പോൾ, അതെന്തെന്ന് മനസ്സ് പറയുന്നതിനൊക്കെയും തന്റേതായ ന്യായവാദങ്ങൾ കൊണ്ട് മുട്ടുക—ഏതൊരു സാധാരണക്കാരനെ പോലെയും അവനതതിൻ തുടർച്ചയായി ശ്രമിച്ച കൊണ്ടിരുന്നു. താൻ ചിന്തിക്കുന്നതും, പ്രവർത്തിക്കുന്നതും തികച്ചും സ്വാഭാവികം. ഈ പ്രായത്തിൽ ചെയ്യേണ്ടതൊക്കെയും ഈ പ്രായത്തിൽ തന്നെ ചെയ്യണം.

നിസ്സാരമായൊരു നുണ. ഒരു സിനിമ കാണാൻ പോകുന്നു. അവിടെ അടുത്തൊരു സുഹൃത്തുണ്ട്. അവന്റെ വീട്ടിലുമൊന്ന് പോകണം. തിരികെ വരുമ്പോൾ കുറച്ച് വൈകും. കണ്ണാടിയുടെ മുന്നിൽ ചെന്ന് നിന്ന് രണ്ടു വട്ടം പറഞ്ഞ് നോക്കി. പിന്നീട് ആത്മവിശ്വാസത്തോടെ അമ്മയുടെ മുന്നിൽ ചെന്ന് നിന്ന് പറഞ്ഞ് ഫലിപ്പിച്ചപ്പോൾ ആശ്വാസമായി.

ശനിയാഴ്ച.

പറഞ്ഞയിടത്ത് ബസ്സിറങ്ങിയപ്പോൾ, അടുത്തുള്ള പീടികയുടെ മുന്നിൽ തന്നെ രഘു ഒരു പോസ്റ്റിൽ ചാരി നിൽക്കുന്നത് ബിജു കണ്ടു. ഒന്നിച്ച് പോകുന്നത് ബുദ്ധിയല്ല എന്ന് പറഞ്ഞത് രഘുവാണ്. ബുദ്ധിമാൻ. അവന്റെ കൃത്യനിഷ്ഠ അത്ഭുതപ്പെടുത്തുന്നില്ല. അവൻ വാക്ക് പറഞ്ഞാൽ വാക്കാണ്. അവനെ വിശ്വസിക്കാം. എങ്കിലും ചെറിയൊരു ഭയം ഇല്ലാതില്ല. അതുപക്ഷേ, പുറത്ത് കാട്ടാൻ പാടില്ല. തന്റെ മൂക്കിന താഴെയും കറുത്ത രോമങ്ങളുണ്ട്. ജീവിതത്തിൽ എന്നെന്നും ഓർത്തോർത്ത് ആസ്വദിക്കാനുള്ള ദിവസമാണ്.

രണ്ട് വട്ടം ഓട്ടോ മാറി കയറി. അതൊക്കെയും, ആദ്യം തങ്ങൾ എവിടെ പോകുന്നുവെന്ന് അറിയാതിരിക്കാനുള്ള വിദ്യയെന്നാണ് രഘു പറഞ്ഞത്. രഘുവിന്റെ ഗ്രഹപ്രതിയുടെ ഭാഗം. സ്ഥലമെത്തിയപ്പോൾ രഘു ഇറങ്ങി മുന്നിൽ നടന്നു. ബിജു പിന്നാലെയും. അത്ര ചൂടുള്ള ദിവസമല്ല. പക്ഷേ, വിയർക്കുന്നു. അവൻ ചുറ്റിലും നോക്കിക്കൊണ്ടിരുന്നു. ഈ പ്രദേശത്തെക്കുറിച്ച് കേട്ടിട്ടുണ്ടെങ്കിലും, ഇതാദ്യമായാണ് വരുന്നത്. ഒന്നോ രണ്ടോ ഓട്ടോറിക്ഷകൾ, സൈക്കിളുകൾ അവരെയും കടന്ന പോയി. ജവുളി കടകൾ, ചായപീടികകൾ, ഒരു മില്ല്, ചെറിയൊരു പച്ചക്കറിക്കട... പട്ടണമാവാൻ കൊതിച്ചു നില്ക്കുന്നൊരു ഗ്രാമപ്രദേശമെന്ന് ഒറ്റ നോട്ടത്തിൽ തോന്നും. കുറച്ച് നടന്ന് അവർ വീതി കറഞ്ഞൊരു വഴിയിലേക്ക് കയറി. അല്പ്പദൂരം കഴിഞ്ഞപ്പോൾ ആ വഴിയും ചെറുതായി. പിന്നീടത്, ടാറ് സ്വപ്നം കണ്ട് കിടക്കുന്ന ചെമ്മൺപാതയായി. അവിടെ നിന്ന് മറ്റൊരു വഴിയിലേക്ക്. ഇപ്പോൾ ഒന്നോ രണ്ടോ പേർക്ക് നടക്കാവുന്ന വീതി മാത്രമേയുള്ളൂ. ഇരുവശത്തും പറമ്പ്. തെങ്ങിൻത്തോപ്പാണ്. കൈലിയുടുത്ത ഒന്ന രണ്ട് ചെറുപ്പക്കാർ അവരെയും കടന്ന പോയി. അതിലൊരുവൻ തന്നെ ഇറിച്ച് നോക്കിയോ? ബിജുവിനു സംശയമായി.

രഘു പറഞ്ഞിടം എവിടെയാണ്? ബിജുവിന് ആകാംക്ഷ അടക്കാനായില്ല. രഘുവാണെങ്കിൽ ഒന്നും സംസാരിക്കാതെ പോവുകയാണ്. അവന്റെയൊപ്പമെത്താൻ ബിജുവിന് പതിയെ ഓടേണ്ടി വന്നു.

“എടാ ഇനി എത്ര ദൂരമുണ്ട്?”

“നീ വാ...”

പാത ഉപേക്ഷിച്ച് അവർ ഒരു പറമ്പിലേക്ക് കയറി. അതിരുകളായി നാട്ടിയ കല്ലുകൾ. മുട്ടോളം പൊക്കത്തിൽ കുറ്റിച്ചെടികൾ, കാട്ടുചെമ്പരത്തികൾ, ഇറക്കം ഇല്ലാത്ത ചേമ്പിലകൾ. ദൂരെയായി പാടം കാണാം. കാറ്റിന്റെ തഴുകലിൽ അലയിളകുന്ന പച്ചക്കടൽ. പറമ്പ് മുഴുവനും തൊട്ടാവാടിച്ചെടികളുണ്ടായിരുന്നു. കാറ്റിൽ തലയാട്ടിക്കളിക്കുന്ന ചെറിയ വയലറ്റ് പൂക്കൾ. തൊട്ടാവാടിയാണെന്നറിയാതെ, ഏതോ ചെടിയുടെ മുള്ളുകൾ ബിജുവിന്റെ കാലിലുരസുകയും പോറലുണ്ടാവുകയും ചെയ്യു.

“ഇവിടെ മുഴുവനും മുള്ളാണല്ലോ...” അതും പറഞ്ഞ് ബിജു നിന്നു. അവൻ പിന്നിലേക്ക് കാല് മടക്കി തല കുനിച്ചു നോക്കി. ചെറുതായി ചോര പൊടിഞ്ഞിരിക്കുന്നു.

“ആഹാ! ചോര വന്നല്ലൊ! നല്ല ശകനം. അപ്പോ ഉല്ലാം നന്നാവും. ഇനി നീ ഒന്നും പേടിക്കണ്ട!” അത് കണ്ട് രഘു പറഞ്ഞു.

എന്തു പേടി? മുഖത്ത് പേടിയുടെ ഭാവമുണ്ടോ? ഈർഷ്യ പുറമെ കാട്ടാതെ രഘുവിന്റെ പിന്നാലെ നടന്നു. ഇതുവരെ ആയില്ലേ. ഇനി ചിലപ്പോൾ കുറച്ച് ദൂരം കൂടിയേ ഉണ്ടാവൂ.

ചെന്ന നിന്നത് ഒരു ഓടിട്ട വീടിനു മുന്നിലാണ്. പായലുപിടിച്ച മതിലുകൾ വീടിനെ വളഞ്ഞുനില്ക്കുന്നു. ഉയരത്തിൽ നിന്നും നോക്കിയാൽ ഒരുപക്ഷേ, ആ മതിൽ, വീടിനെ ചുറ്റിവരിഞ്ഞുകിടക്കുന്നൊരു പാമ്പ് പോലെ തോന്നുമായിരിക്കും. ഒരുപിടിയിലൊരു മുന്നിൽ ചെന്ന് പെട്ടത് പോലെ ആ വീടിനെ നോക്കി നിന്ന ബിജുവിനെ രഘു കൈയിൽ പിടിച്ചുകൊണ്ടു വന്ന് അടഞ്ഞുകിടന്ന മുൻവാതിലിന് മുന്നിൽ നിർത്തി. നിറം മങ്ങിയ തടിവാതിലിൽ പതിയെ രണ്ട് മുട്ട്. അല്പനേരം കഴിഞ്ഞ് അകത്തു നിന്നും ആരോ നടന്നവരുന്ന പതിഞ്ഞ ശബ്ദം കേട്ടു. പാതി ഇറന്ന വാതിലിനിടയിലൂടെ ഒരു വയസ്സന്റെ മുഖം കണ്ടു. ക്ഷൗരം ചെയ്യാത്ത മുഖം. ഒട്ടിയ കവിളുകൾ. കണ്ണുകൾക്ക് താഴെയായി വീർത്ത സഞ്ചികൾ. നരച്ച താടി രോമങ്ങൾ അലസമായി തടവിക്കൊണ്ടയാൾ രണ്ടു പേരെയും നോക്കി. കണ്ണ് കൊണ്ടൊരു കണക്കെടുപ്പ്. ബിജുവിന് താൻ ഒരു നിമിഷം കൊണ്ട് വിവസ്ത്രനായതു പോലെ തോന്നി. ഒരു സ്വാഭാവിക പ്രതികരണം പോലെ ബിജു രഘുവിന്റെ പിന്നിലേക്ക് ഒതുങ്ങി. ഇയാളുടെ കണ്ണുകളും നോട്ടവും ശരിയല്ല. ഏതോ മൃഗത്തിന്റെ രൂപമാണയാൾക്ക്. ഏത് മൃഗമാണിത്?

“മനസ്സിലായില്ലെ...?” രഘു ശബ്ദം താഴ്ത്തി ചോദിച്ചു.

“ഉം...” ഒരു വരണ്ട മൂളൽ ശബ്ദം.

“ഇതാണ് ഞാൻ പറഞ്ഞ...” രഘു തുടർന്നു.

“ഉം ഉം...” ഈ പ്രാവശ്യം മൂളലിനൊരു പ്രത്യേക താളമുണ്ടായിരുന്നു.

“കൊണ്ടു വന്നിട്ടുണ്ടോ?” അപ്പോൾ ശ്രുപത്തിന് സംസാരിക്കാനറിയാം. ബിജു അയാളിൽ നിന്നും കണ്ണെടുത്ത് ചുറ്റും നോക്കി. ഒരു വല്ലാത്ത പഴയ വീട്. ദൂരെയെവിടെയോ ഒരു ഉപ്പൻ പതിവു ചോദ്യം ഉറക്കെ ചോദിക്കുന്നത് കേട്ടു. ബിജുവിന് ഒരുപാട് ചോദ്യങ്ങൾ ചോദിക്കണമെന്നുണ്ടായിരുന്നു.

എത്ര പ്രായം വരും?

വല്ല അസുഖവും വരുമോ?

പക്ഷേ, അതൊക്കെയും നേരത്തെ ചോദിക്കേണ്ട ചോദ്യങ്ങളായിരുന്നു. ഇനിയിപ്പോൾ സമയമില്ല.

സഞ്ചി ഇളകിയിട്ട കണ്ണുകൾ ചുറ്റും ആരേയോ പരതി. എന്നിട്ടയാൾ ഒരു വശത്തേക്ക് വഴിമാറി. ബിജുവിന് ചെരിപ്പ് പുറത്ത് ഊരിയിടണോ വേണ്ടയോ എന്ന സംശയമായി.

“ചെരുപ്പൂരണ്ട” രഘു പതിയെ പറഞ്ഞത് കേട്ടു.

ബിജുവും രഘുവും അകത്തേക്ക് കയറിയതും ശബ്ദമുണ്ടാക്കാതെ അയാൾ വാതിലടച്ചു.

കാഴ്ച തെളിയാൻ സമയമെടുത്തു. വോൾട്ടേജ് കറഞ്ഞ ഒരു ബൾബ്, മുറിയുടെ നടുവിലായി ആത്മഹത്യ ചെയ്യവനെ പോലെ തൂങ്ങിക്കിടക്കുന്നു. കമ്മായമിളകി ഇടങ്ങിയ ചുവരുകൾ. ഒരു മൂലയിലായി തറയിൽ ചളിവു നിറഞ്ഞ ഒരു പഞ്ഞിമെത്ത, ഒരു ചെറിയ മേശ. അതിന് മുന്നിലായി ഒരു കസേര. അതിലൊരു ഭഷ്ണിനെ ഓർത്തു. മുറിയുടെ മൂലയിലായി ഒരു പായ ചുരുട്ടി വെച്ചിരിക്കുന്നു. ഇയാൾ സദാ സമയവും ഉറക്കമായിരിക്കും. ആ മെത്ത കണ്ടാലറിയാം, ഇപ്പോൾ കിടപ്പിൽ നിന്നെഴുന്നേറ്റ് വന്നതേയുള്ളുവെന്ന്. തൊട്ടു നോക്കിയാലറിയാം, അതിൽ ചൂടുണ്ടാവും. ബിജു അയാളെ നോക്കി. മെലിഞ്ഞ് അല്പം കൂനിപ്പിടിച്ച ദുർബ്ബലമായ ശരീരം. ഒരു മുഷിഞ്ഞ കൈലി മാത്രമാണ് വേഷം. എഴുന്നേറ്റ് നില്ലുന്ന നരച്ച രോമം നിറഞ്ഞ കുഴിഞ്ഞ നെഞ്ച്. കഷണ്ടി കയറിയ ശിരസ്സ്.

രഘു ചോദ്യഭാവത്തിൽ അയാളെ നോക്കി. ഒരു മുറിയുടെ ചാരിക്കിടന്ന തടിവാതിലിലേക്ക് അയാൾ താടിയുയർത്തി കാണിച്ചു. രഘു ബിജുവിനോട് കണ്ണു കൊണ്ട് “അങ്ങോട്ട് പൊയ്യോളൂ” എന്നാംഗ്യം കാണിച്ചു.

ഇതാണ് താൻ കാത്തിരുന്ന സ്വപ്നമുഹൂർത്തം. എന്നാൽ കാലുകൾ ചലിക്കുന്നില്ല. കൈകളിൽ തണുപ്പ് പടർന്നിരിക്കുന്നു. തല ശൂന്യമായിരിക്കുന്നു. ചിലപ്പോൾ താനീ കാണുന്നത് മുഴുക്കേയും സ്വപ്നമായിരിക്കും. കണ്ണ് തുറക്കുമ്പോൾ, ഉണർന്നാൽ ഈ സ്വപ്നം മുഴുക്കെയും ഉടഞ്ഞ ചിതറും. വീണ്ടും തന്റെ കിടക്കയിൽ... വലത്തേക്ക് തല ചെരിച്ച് നോക്കിയാൽ ഒരു പാളി തുറന്നിട്ടിരിക്കുന്ന ജനൽ... അല്ല, ഇതൊന്നും സ്വപ്നമല്ല. ഇതാണ് യാഥാർത്ഥ്യം. എത്രയോ ദൂരം സഞ്ചരിച്ച്... എത്രയോ പേരുടെ കണ്ണ് വെട്ടിച്ച് വന്ന്, കമ്മായമിളകി വീഴുന്ന ചുവരുകളുള്ള ഒരു വീടിനുള്ളിലാണ് താനിപ്പോൾ.

രഘു വീണ്ടും ബിജുവിനെ കണ്ണ് കാണിച്ചു. വയസ്സൻ അതൊന്നും ശ്രദ്ധിക്കാതെ മട്ടിൽ ശബ്ദമുണ്ടാക്കാതെ നടന്ന പോയി തറയിലിരുന്ന പഞ്ഞിമെത്തയിൽ ചുരുണ്ട് കിടപ്പായി. അത്രയും സമയം മാത്രം. അയാളുടെ സാന്നിധ്യം തന്നെ ഒരു വല്ലാത്ത അറപ്പുണ്ടാക്കിയിരുന്നു. താൻ രഘുവിനെ കൊടുത്ത പണമെപ്പോഴാണവൻ അയാൾക്ക് കൊടുത്തത്? ആര് ശ്രദ്ധയിൽ പെട്ടില്ലല്ലോ. ആരുടെയും ശ്രദ്ധയിൽ പെടാതെ കാര്യങ്ങൾ ചെയ്യാനുള്ള വൈദഗ്ധ്യമവനുണ്ട്.

വാതിലിന് നേർക്ക് നടക്കുമ്പോൾ പൊട്ടിയടർന്ന സിമന്റ് തറയിൽ ചെരുപ്പുരഞ്ഞ് വല്ലാത്ത ശബ്ദമുണ്ടായി. അവൻ ചെരുപ്പഴിച്ചിട്ടു. വാതിലിൽ മുട്ടണോ? വേണ്ട. ചാരി കിടക്കുകയല്ലെ? അനുവാദം കിട്ടിയതല്ലെ? തല ചെരിച്ച് ഒരുവട്ടം കൂടി രഘുവിനെ നോക്കിയ ശേഷം വാതിൽ തള്ളിത്തുറന്ന് ബിജു അകത്തേക്ക് കയറി. നേരിയ വെളിച്ചം വിതറുന്ന ഒരു ബൾബ് മച്ചിൽ നിന്നും ഇറക്കിയിട്ടിട്ടുണ്ട്. മുറിയുടെ മൂലയിൽ ചുരിദാറിട്ടൊരു രൂപം. അഴിച്ചിട്ടിരിക്കുന്ന മുടി, മുന്നിൽ ചുമലിലേക്ക് വീണ് കിടപ്പുണ്ട്. ശ്രുപത്തിന്റെ നിറം കറുപ്പല്ല, വെളുപ്പുമല്ല. ഇവൾക്ക് തന്നെക്കാൾ പ്രായം കറവാണ്! എന്തായിരിക്കും ഇവളും, മുൻവശത്തെ മുറിയിൽ ചുരുണ്ടു കൂടി കിടക്കുന്ന ഉഗ്രമൂർത്തിയുമായുള്ള ബന്ധം? മകളാവുമോ? ഏയ്... ആവില്ല. ഇവളെ എവിടെനിന്നെങ്കിലും കൊണ്ടുവന്നതാവുമോ? അവൾ ബിജുവിനെ തന്നെ സൂക്ഷിച്ച് നോക്കുകയായിരുന്നു. ബിജുവിന് എന്തോ ചോദിക്കണമെന്ന് തോന്നി. പക്ഷേ, നാവ് വരണ്ടു പോയിരിക്കുന്നു. വികാരമെല്ലാം തണുത്തു പോയിരിക്കുന്നു. ഭയം മാത്രം ബാക്കി.

“വാതിലടയ്ക്ക്...” മൃദുവെങ്കിലും മൂർച്ചയുള്ള പെൺസ്വരം.

അനുസരണയോടെ ബിജു വാതിലടച്ചു.

പതിയെ നടന്ന് അവളുടെ അടുക്കലേക്ക് പോയി. ഇത് തന്റെ ആദ്യാനുഭവമാണെന്ന് ഇവളറിയരുത്. മൂക്കിന താഴെയുള്ള കറുത്ത രോമങ്ങൾ... താനൊരു ചെറിയ ചെക്കനൊന്നുമല്ല. ആ കാര്യം മറക്കാൻ പാടില്ല.

നേരെ ചെന്ന് അവളുടെ കൈയിൽ പിടിക്കുകയാണ് ചെയ്തത്.

“ആദ്യായിട്ടാ അല്ലെ...?” അത് പറഞ്ഞ് അവൾ ചെറുതായി ചിരിച്ചു. ഒപ്പം വലതു കൈയുയർത്തി സ്വന്തം വാ പൊത്തുകയും, മുഖം കനിക്കുകയും ചെയ്തു.

ഒന്ന വിളറിയെങ്കിലും ബിജുവും ചിരിച്ചു.

“എങ്ങനെ മനസ്സിലായി...?” മൂക്കിന താഴെയുള്ള രോമങ്ങളുടെ കാര്യം ഒരു നിമിഷം മറന്ന്, വളരെ നിഷ്കളങ്കമായി അവൻ ചോദിച്ചു.

“അത്... പറഞ്ഞ തരാം...” കുസൃതിയോടെ പറഞ്ഞ് കൊണ്ടവൾ ബിജുവിന്റെ കൈയിൽ പിടിച്ചു.

ഘോരമഴ പെയ്യുന്ന നേരത്ത് മിന്നൽപ്പിണറുകൾ ആകാശത്ത് വെള്ളിവേരുകൾ വരച്ച് അപ്രത്യക്ഷമാകുന്നത് കണ്ടിട്ടുണ്ട്. എന്നാലാദ്യമായി സ്വന്തം ശരീരത്തിനുള്ളിൽ...

മുറിക്ക് പുറത്ത് രഘു പോക്കറ്റിൽ നിന്നും ഒരു സിഗരറ്റെടുത്ത് കത്തിച്ചു. വയസ്സൻ അപ്പോഴേക്കും പുതപ്പിനടിയിലേക്ക് ആണ്ടു കഴിഞ്ഞിരുന്നു. തീപ്പെട്ടി ഉരച്ചതിന്റെ ശബ്ദം കേട്ട് പുതപ്പിനുള്ളിൽ നിന്നും ഒരു തല പുറത്തേക്ക് നീണ്ടു. എന്നിട്ടതു പോലെ ഉള്ളിലേക്ക് പോയി. കടലാമയുടേതു പോലെ തോന്നിച്ച ആ ചലനങ്ങൾ. രഘു പുകയൂതി വിട്ടു കൊണ്ടിരുന്നു.

കറെ നിമിഷങ്ങൾ കഴിഞ്ഞപ്പോൾ, പുറത്ത് ചില കാൽപെരുമാറ്റങ്ങൾ കേട്ടതു പോലെ രഘുവിന തോന്നി. അവനെഴുന്നേറ്റ് ചെന്ന് മുൻവശത്തെ വാതിലിന്റെ വിടവിലൂടെ നോക്കി. എന്നിട്ട് പരിഭ്രാന്തിയോടെ ബിജു കയറി പോയ മുറിയുടെ മുന്നിലേക്ക് ഓടി.

“ടാ, ഇറക്കടാ, വേഗം പുറത്തേക്ക് വാടാ...”

രഘുവിന്റെ പരിഭ്രാന്തി നിറഞ്ഞ ശബ്ദം കേട്ട്, തന്നെ മൂടിയിരിക്കുന്ന നീളൻ മുടിയിഴകൾക്കിടയിൽ നിന്ന് ബിജു തലയുയർത്തി.

രഘുവിന്റെ ശബ്ദം തന്നെയല്ലെ?

വാതിലിൽ ഇടർച്ചയായി മുട്ടുന്ന ശബ്ദം.

എന്താണ്...? എന്താണ് നടക്കുന്നത്...?

“എടാ... ഒന്ന് വേഗം വാതില് തൊറക്കെടാ...”

വാതിലിൽ തട്ടുന്ന ശബ്ദത്തിന്റെ ശക്തി വർദ്ധിച്ചിരിക്കുന്നു.

പരിഭ്രാന്തി നിറഞ്ഞ നിലവിളി പോലെയാണാ ശബ്ദം. എന്തോ പ്രശ്നമുണ്ടായിട്ടുണ്ട്. അല്ലെങ്കിൽ അവനിങ്ങനെ ഒച്ച വെക്കില്ല. തനിക്കപരിചിതമാണ് അവന്റെയീ ശബ്ദം.

ബിജു ചാടിയെഴുന്നേറ്റ് വസ്ത്രങ്ങളണിഞ്ഞു. ഷർട്ടിന്റെ കടുക്കകളിട്ടുന്നതിനൊപ്പം നടന്ന് ചെന്ന് വാതിൽ തുറന്നു. തൊട്ടു മുന്നിൽ തന്നെ രഘു നിൽപ്പുണ്ടായിരുന്നു. രഘു ബിജുവിന്റെ കൈപിടിച്ച് വലിച്ച് മുൻവശത്തെ മുറിയിലേക്ക് നീക്കി നിർത്തി. അവന്റെ പിടുത്തത്തിനു വല്ലാത്ത ബലമുണ്ടെന്ന ബിജുവിന തോന്നി.

“എടാ... കൊറേ പേര്... നമുക്ക് എത്രേം പെട്ടെന്ന് ഇവിട്ന്ന് പോണം” അത് പറയുമ്പോൾ രഘു ചെറുതായി കിതയ്ക്കുന്നുണ്ടായിരുന്നു. ഇരുട്ടും ഭയം അവന്റെ മുഖത്ത് മുൻപൊരിക്കലും കണ്ടിട്ടില്ല. ഒരുതരം വിറ അടിമുടി ബാധിച്ചത് പോലെ. അവൻ വിരൽനഖങ്ങൾ കടിച്ചു തുപ്പുന്നുണ്ട്. ആധി കയറുമ്പോൾ മാത്രം അവൻ പ്രകടിപ്പിക്കുന്ന ചേഷ്ടകൾ. അരണ്ടവെളിച്ചത്തിലും കണ്ടു, മുറിയുടെ മൂലയിലായി പഞ്ഞിമെത്തയിൽ വയസ്സൻ എഴുന്നേറ്റ് നില്ലുന്നത്. ഇപ്പോൾ അയാളുടെ കണ്ണുകളിൽ ഉറക്കമില്ല. കണ്ണും മിഴിച്ച്, വായും പൊളിച്ചങ്ങനെ നില്ലുകയാണ്. ബിജുവിനെ തലയിലേക്ക് രക്തം ഇരച്ച് കയറുന്നതായി തോന്നി. തലമുടിക്ക് തീ പിടിച്ചത് പോലെയാണ് രഘു നില്ലുന്നത്.

“തൊറക്കെടാ...”

“ഇന്ന കൊണ്ടിത് അവസാനിപ്പിക്കും”

“കൊറച്ച് നാളായി തൊടങ്ങീട്ട്”

“ഇറങ്ങ് വാടാ നായിന്റെ മക്കളെ...!”

“ഇവനേയൊക്കെ കെട്ടിയിട്ടടിക്കണം”

വീടിന പുറത്ത് നിന്നുമുള്ള ആക്രോശങ്ങളുടെയും, ഭീഷണികളുടെയും ശബ്ദം ബിജു അപ്പോഴാണ് ശ്രദ്ധിച്ചത്. ശബ്ദങ്ങളുടെ ശക്തി വർദ്ധിച്ചിരിക്കുന്നു. വാതിലിൽ ആരൊക്കെയോ ശക്തിയായി തട്ടുന്നുണ്ട്. ഏതു നിമിഷവും പുറത്ത് നില്ലുന്ന കൂട്ടം, വാതിൽ തല്ലിത്തകർത്ത് അകത്തേക്ക് കുതിച്ച് വരുമെന്നവന് തോന്നി.

ബിജു ഒരു നിമിഷം തിരിഞ്ഞു നോക്കി. എന്തോ പന്തികേട് തോന്നിയത് കൊണ്ടാവണം, വാതിലിനരികിലേക്ക് അവളും വന്നിരുന്നു. ചാരിയിട്ടിരുന്ന വാതിൽ മറഞ്ഞ് അഴിഞ്ഞുകിടക്കുന്ന മുടിയുടെയവൾ. ഒരു കണ്ണ് മാത്രം കാണാം. നിർവ്വികാരത നിറഞ്ഞ ഒരു കണ്ണ്. വാതിൽ പിടിച്ചിരുന്ന ചുവന്ന വളയിട്ട കൈകൾ പതിയെ താഴേക്കിറങ്ങി അകത്തേക്ക് മറഞ്ഞു. വാതിലടയുകയും ചെയ്യു.

“നീ വാടാ” അതും പറഞ്ഞ് രഘു ബിജുവിന്റെ കൈയ്യിൽ മുറുകെ പിടിച്ച കൊണ്ട് വീടിന്റെ പിൻഭാഗത്തേക്ക് ഓടി. വാതിൽ തുറന്ന് പുറത്തേക്ക് രണ്ടു പേരും ചാടുകയായിരുന്നു. അപ്പോൾ വീട് ചുറ്റി പിൻഭാഗത്തേക്കോടി വരുന്ന കറച്ച പേരെ അവർ കണ്ടു. സർവ്വശക്തിയെടുത്ത് ഓട്ടമോടി. “അവന്മാരതാ!”, “വിടരുത് ഒരുത്തനേയും” എന്ന ചില വിളികൾ പിന്നാലെ പാഞ്ഞു വന്നു.

“ടാ, ആദ്യം കാണുന്ന ബസ്സിൽ കയറിക്കോ” ഓട്ടുന്നതിനിടയിൽ രഘു വിളിച്ച പറഞ്ഞത് ബിജു കേട്ടു.

ഓട്ടത്തിന്റെ വേഗത കൂടി. ഏതോ ഒരു നിമിഷത്തിൽ അവർ വഴി പിരിഞ്ഞോടി. കറേ ദൂരം പിന്നിട്ട രഘു തിരിഞ്ഞു നോക്കി. പിന്നിൽ ആരേയും കാണുന്നില്ല. ബിജു... അവനെവിടെ?... എവിടെയെങ്കിലും വീണ പോയിരിക്കുമോ?... അതോ അവരവനെ പിടികൂടിയിരിക്കുമോ?... അതോ അവനെവിടെയെങ്കിലും ഒളിച്ചിരിക്കുകയാണോ?... പാലത്തിനടുത്ത് വരെ അവനുണ്ടായിരുന്നു. അവിടെ വെച്ചായിരിക്കും അവൻ വഴി മാറി ഓടിയിട്ടുണ്ടാവുക. പാലത്തിനപ്പുറം ഒരു ബസ്റ്റോപ്പുണ്ട്. അവിടെ താൻ പോയിട്ടുള്ളതാണ്. രഘു ഓർത്തെടുത്തു. ഒരുപക്ഷേ, അവൻ ഏതെങ്കിലും ബസ്സിൽ ചാടിക്കയറിയിട്ടുണ്ടാവും. ശ്ശെ, തനിക്ക് പറ്റിയ ഒരു വലിയ തോൽവി. ഇതുപോലുള്ള കാര്യങ്ങളിൽ ഇതുവരെയും ഒരു ചെറിയ പിഴവ് പോലും വന്നിട്ടില്ല. അവനെ വിളിച്ച കൊണ്ട് വന്നിട്ട്... ഇനിയെങ്ങനെ അവന്റെ മുഖത്ത് നോക്കും?...

രഘു തിരിച്ചെത്തിയപ്പോൾ ഉച്ച കഴിഞ്ഞിരുന്നു.

“ഇനി അപ്പൻ പൊയ്ക്കോള്ളൂ”

കടയിലേക്ക് കയറുമ്പോൾ രഘു പറഞ്ഞു.

“മോനെ നീ വല്ലതും കഴിച്ചോ?”

“ഉം...”

വിശപ്പ്... അതെപ്പോഴോ കെട്ട പോയിരുന്നു. കടയിൽ ആളുകൾ വരികയും പോവുകയും ചെയ്യ കൊണ്ടിരുന്നു. അപ്പോഴെല്ലാം ബിജുവിന്റെ മുഖം അവിടെല്ലാം രഘു തിരഞ്ഞു കൊണ്ടിരുന്നു. അവൻ ഏതു നിമിഷവും മുന്നിൽ പ്രത്യക്ഷപ്പെടാം. ചീത്ത പറയും. ഉറപ്പ്. സാരമില്ല, പറഞ്ഞോട്ടെ. അവനെ സമാധാനപ്പെടുത്താവുന്നതേയുള്ളു. അല്ലെങ്കിൽ തന്നെ അവനെ ചതിച്ചതൊന്നുമല്ലല്ലോ. ആര് വിചാരിച്ച ഇങ്ങനെയൊക്കെ ആവുമെന്ന്. വേറേയും ഇടങ്ങളുണ്ട്. പിന്നൊരിക്കൽ അവനെ അങ്ങോട്ട് കൊണ്ടു പോവാം...

“ടാ, നീ നമ്മടെ ബിജുനെ കണ്ടോ?”

സന്ധ്യ കഴിയാറായപ്പോൾ പത്രമിട്ടുന്ന ജോണി വന്ന് രഘുവിനോട് ചോദിച്ചു. രഘു കടയടയ്ക്കാനുള്ള തിരക്കിലായിരുന്നു.

“ഇല്ല... ഇന്നവനെ കണ്ടതേയില്ല... എന്തായേട്ടാ?”



“അവനിന്ന് രാവിലെ സിനിമയ്ക്കന്ന് പറഞ്ഞ് എവിടെയോ പോയതാ... ഇതുവരെ വീട്ടിൽ തിരിച്ച വന്നിട്ടില്ല... അവന്റെ അമ്മ അതാ കരഞ്ഞോണ്ട് നടക്കുന്നു...”

ജോണി സൈക്കിൾ ചവിട്ടി പോയി. ആ സമയം പാളത്തിലൂടെ ഒരു ട്രെയിൻ അവിടം മുഴുക്കെയും നടുക്കി വിറപ്പിച്ച കൊണ്ട് പോയി. രഘു കടയുടെ മുന്നിൽ ഇരുട്ട് പരക്കുന്ന വെളിച്ചത്തിലേക്ക് കണ്ണും ഇറിച്ച് നോക്കി നിന്നു.

എന്തോ പ്രശ്നമുണ്ടായിട്ടുണ്ട്. ചിലപ്പോൾ... അവന്മാർ ബിജുവിനെ പിടിച്ചു കാണും. അവൻ തന്റെ പേര് പറയുമോ? ഇനി... പോലീസ് കേസോ മറ്റോ ആയിട്ടുണ്ടാവുമോ? എങ്കിൽ പോലീസ് ഇവിടെയും വരാൻ സാദ്ധ്യതയുണ്ട്. അവിടെ വെച്ച് ബഹളമുണ്ടാക്കിയവരിൽ ചിലരെങ്കിലും തന്റെ മുഖം കണ്ടിട്ടുണ്ടാവും. തന്നെ തിരിച്ചറിയും. ചോദ്യം ചെയ്യും. സത്യമെല്ലാം പറയേണ്ടിവന്നാൽ ഈ നാട്ടിലിനി എങ്ങനെ തലയുയർത്തി നടക്കും? അവനെ വിളിച്ചോണ്ട് ഏതു സമയത്താണ് പോകാൻ തോന്നിയത്... ഇതിപ്പോൾ എന്തായോ...?

രാത്രിയടുക്കമ്പോൾ ബിജുവിന്റെ അമ്മ രഘുവിനെ തേടി വീട്ടിൽ വന്നു.

“മോനെ, നീയിന്ന് ബിജൂനെ കണ്ടോ?”

“ഇല്ല...”

“നിന്നോട് അവൻ വല്ലതും പറഞ്ഞോ?”

“ഇല്ല... ഒന്നും പറഞ്ഞില്ല...”

കള്ളം പറയാൻ ഒരു നിമിഷം പോലുമെടുക്കുന്നില്ല. രഘു സ്വയം അത്ഭുതപ്പെട്ടു.

ഇവിടെ സ്വന്തം ഭാഗം രക്ഷിക്കാൻ താൻ മാത്രമേയുള്ളൂ. ഒരു തരത്തിലും ഒരു സൂചന പോലും കൊടുക്കരുത്.

അർദ്ധരാത്രിയോടെ മഴ പെയ്യാനാരംഭിച്ചു. ആർത്തലച്ച പെയ്ത മഴയിൽ ചെടികളും മരങ്ങളും നനഞ്ഞു വിറച്ചു. ഉറക്കം നഷ്ടപ്പെട്ട രഘു എഴുന്നേറ്റ് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു കൊണ്ടിരുന്നു. ചോദ്യമഴയിൽ അവൻ നനയുകയും വിറയ്ക്കുകയും ചെയ്യു. ബിജു... ഈ മഴയത്ത് അവനെവിടെ നനഞ്ഞു കൊണ്ട് നില്ലുകയാണ്? ഇനിയവൻ നാട്ടു വിട്ട് പോയിക്കാണമോ? എന്തിന് നാട്ടു വിടണം? അവന്റെ എല്ലാം ഇവിടെയല്ലെ? ഇനി ഒരുപക്ഷേ,... അവിടെയെവിടെയെങ്കിലും ഒളിവിൽ... അവൻ തിരിച്ച വന്നില്ലെങ്കിൽ എങ്ങനെ അവിടെ പോയി അവനെ തിരയും? ബിജു ചെന്നു കിടന്നു. കണ്ണുകളിറുക്കിയടച്ച് ഉറങ്ങാൻ ശ്രമിച്ചു.

എങ്ങനെയോ ഒന്നറങ്ങി വന്നതാണ്. മുൻവശത്തെ കതകിൽ ആരോ ശക്തിയായി മുട്ടുന്ന ശബ്ദം. ചെന്ന് വാതിൽ തുറന്നു.

ബിജു നനഞ്ഞ് കളിച്ച് നില്ലുന്നു! മുടിയിൽ നിന്ന് വെള്ളത്തുള്ളികൾ ഇറ്റിറ്റ് വീഴുന്നുണ്ട്. കൈകൾ മാറിൽ പിണച്ച് പിടിച്ചിട്ടുണ്ട്. ശരീരത്തിൽ ഒട്ടിപ്പിടിച്ച നനഞ്ഞ വസ്ത്രങ്ങൾക്കുള്ളിൽ അവന്റെ മെലിഞ്ഞ ശരീരം വിറയ്ക്കുന്നുണ്ട്.

പല്ലുകൾ കൂട്ടിയിടിക്കുന്ന ശബ്ദത്തിൽ അവൻ ചോദിച്ചു.

“എന്തിനാ... എന്തിനാ നീ എന്നെ ഒറ്റയ്ക്കാക്കീട്ട് പോയത്?”

രഘു കണ്ണ് തുറന്ന് നോക്കി. പുറത്ത് മഴ തോർന്നിരിക്കുന്നു. താൻ ശരീരം മുഴുക്കെയും വിയർത്ത് കട്ടിലിൽ...അവൻ കണ്ണുകൾ ഇറുക്കിയടച്ചു.

പിറ്റേന്ന് ഉച്ച കഴിഞ്ഞിട്ടും ബിജുവിനെക്കുറിച്ച് ഒരറിവും ആർക്കും ലഭിച്ചിട്ടില്ലെന്നറിഞ്ഞപ്പോൾ രഘുവിന് മാനസികസമ്മർദ്ദം താങ്ങാവുന്നതിനപ്പുറമായി. ഒന്നവിടം വരെ അന്വേഷിച്ച് പോയാലോ? വേണ്ട അതപകടം. അവൻ തിരിച്ച് വരിക തന്നെ ചെയ്യും. എന്നാൽ ആ വിചാരങ്ങളെ തകർത്തത്, ഓടിക്കിതച്ചു കൊണ്ട് വന്ന സുധീറിന്റെ വാക്കുകളാണ്.

“നമ്മടെ ബിജു മരിച്ച പോയെടാ... പൊഴേല് മുങ്ങി മരിച്ചെന്നാ കേട്ടത്...”

അത്രയുമേ രഘു കേട്ടുള്ളൂ. നീന്തലറിയാത്ത അവനെന്തിന പുഴയിൽ ചാടണം?

ചിലപ്പോൾ നിവൃത്തിയില്ലാതെ വന്നപ്പോൾ ചാടിയതാവുമോ?

അതോ... അവനെ ആരെങ്കിലും പുഴയിലേക്ക്...

ഇനി... ചിലപ്പോൾ... ഏയ്... ഇല്ല, മരിച്ചത് അവനാവില്ല...

രഘു കട പൂട്ടി ബിജുവിന്റെ വീട്ടിലേക്ക് പോയി.

സന്ധ്യ കഴിഞ്ഞപ്പോൾ ഒരു ആംബുലൻസ് വന്ന് ബിജുവിന്റെ വീടിനടുത്ത് നിന്നു.

അങ്ങോട്ട് പോകണമോ വേണ്ടയോ എന്ന ചോദ്യവുമായി രഘു കുറച്ചകലെയായി നിന്നു. സ്ത്രീകളുടെ കരച്ചിലുകൾ ഉയർന്നു. ആരൊക്കെയോ ചേർന്ന് മൂടിപ്പൊതിഞ്ഞൊരു ശരീരം വീട്ടിനുള്ളിലേക്ക് എടുത്തുകൊണ്ടു പോയി.

രഘു വീട്ടിനുള്ളിലേക്ക് നടന്നു. ബിജുവിനെ തറയിൽ കിടത്തിയിരിക്കുന്നു. താടിയിലൊരു വെള്ളത്തുണി കെട്ടുണ്ട്. കാലിലെ തള്ളവിരലുകൾ കൂട്ടിക്കെട്ടിയിട്ടുണ്ട്. രഘു ബിജുവിന്റെ അടുത്തേക്ക് ചെന്ന് മുഖത്തേക്ക് സൂക്ഷിച്ച നോക്കി. മുഖം നീര് വന്ന പോലെ വീങ്ങിയിരിക്കുന്നു. കണ്ണിലും കവിളിലും നിറയെ ദ്വാരങ്ങൾ. കൊത്തിപ്പറിച്ചത് പോലെ... ഇനി മീനുകൾ?... മുഖം മുഴുവനും ഏതോ പൊടി കൊണ്ട് പൂശിയിരിക്കുന്നു. പൗഡറാണോ? അവന്റെ മുഖം തന്നെയാണോ എന്നറിയാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും പുരികത്തിന അരികെയുള്ള മറുക്... അതവിടെ തന്നെയുണ്ട്. ഇത്... ഇതവൻ തന്നെ...

മുഖക്കുരു വന്നപ്പോൾ വിഷമം പറഞ്ഞവനാണ്... അവന്റെ മുഖമാണ് മീനുകൾ കൊത്തിയും പാറകളിലുരഞ്ഞും... രഘു മുഖം തിരിച്ചു. തനിക്കൊരു കള്ളന്റെ മുഖഭാവമുണ്ടോ?

“എന്നാലും ഇവനെന്തിനാ അത്രേം ദൂരെ പോയി... പൊഴേല് ചാടിയതെന്ന്...”

“ഇനി കോളേജിലേ വല്ല പ്രശ്നോം... ഇപ്പഴത്തെ പിള്ളേരല്ലെ... ആർക്കറിയാം...”

“ഇപ്പഴത്തെ പിള്ളേർക്ക് കഞ്ചാവിന്റെ പരിപാടി ഒണ്ടെന്നാ...”

കൂടി നിന്നവരുടെ ഉറക്കെയുള്ള ചിന്തകൾക്കിടയിലൂടെ രഘു സാവധാനം വീടിന പുറത്തേക്ക് നടന്നു.

“ടാ എനിക്കിടെ താടാ...” സ്കൂളിൽ പഠിക്കുമ്പോൾ നാരങ്ങാ മിഠായി തന്റെ കൈയിൽ നിന്ന് ചോദിച്ച് വാങ്ങുന്ന ബിജുവിന്റെ മുഖം ഇപ്പോഴും കാണാം.

“ഈ ഉടുപ്പെങ്ങനെയൊണ്ട്?” ഓണത്തിന് അമ്മ വാങ്ങി കൊടുത്ത പുതിയ കപ്പായവുമിട്ട് വന്ന് മുന്നിൽ ഗമയിൽ നിന്നിരുന്ന അവൻ...

“എന്റെ അമ്മ ഇത് വല്ലതും അറിഞ്ഞാ...” ഒരാഴ്ച്ച മുൻപ് അവൻ ചോദിച്ച ചോദ്യം ഇപ്പോഴും ചെവിക്കുള്ളിലുണ്ട്...

“ആദ്യം കാണുന്ന ബസ്സിൽ കയറിക്കോ” അവസാനമായി അവനോട് പറഞ്ഞ വാക്കുകൾ...

ഇരുട്ടിലേക്കിറങ്ങി നടക്കുമ്പോൾ രഘു കണ്ണ് തുടച്ചു. തോളിൽ കൈയിട്ട് ആറ്റുവക്കിൽ അവനോടൊപ്പം ഇരിക്കുമായിരുന്നു... അവനെ കാണാതാകമ്പോഴൊക്കെ അവിടെയാണ് തേടി പോയിട്ടുള്ളത്. അവൻ അവിടെയുണ്ടാവും. അവിടെ തന്നെയുണ്ടാവും. അവനോടൊന്ന് സംസാരിക്കണം. കുനിഞ്ഞു പോയ മുഖത്തോടെ രഘു പതിയെ ആറ്റിൻക്കരയിലേക്ക് നടന്നു, പിന്നിലുയരുന്ന അലമുറകൾ ശ്രദ്ധിക്കാതെ...

□

സാബു ഹരിഹരൻ

ജനനം: 1972 ൽ.
സ്വദേശം: തിരുവനന്തപുരം.
അമ്മ: പി. ലളിത.
അച്ഛൻ: എം. എൻ. ഹരിഹരൻ.

കെമിസ്ട്രിയിൽ ബിരുദവും, കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ഡിപ്ലോമയും. സോഫ്റ്റ് വെയർ എഞ്ചിനീയർ. വായന, എഴുത്ത്, യാത്ര, ഭക്ഷണം എന്നിവയിൽ താത്പര്യം.

പുസ്തകങ്ങൾ

1. 'നിയോഗങ്ങൾ' (പൂർണ പബ്ലിക്കേഷൻസ്, 2015).
2. 'ഉടൽദാനം' (സൈകതം ബുക്സ്, 2017).
3. 'ഓർവ്വ്' (ധ്വനി ബുക്സ്, 2022).

പുരസ്കാരം: നന്മ സി വി ശ്രീരാമൻ കഥാമത്സരം 2020 ഒന്നാം സമ്മാനം.

കഴിഞ്ഞ പത്ത് വർഷങ്ങളായി ന്യൂ സീലാന്റിൽ ഭാര്യയും മകനുമൊത്ത് താമസം.
ഭാര്യ: സിനു
മകൻ: നന്ദൻ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014